**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4663** **19-07-2022 - ൽ മറുപടിയ്ക്ക്**

**ജ്യോതിർഗമയ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനായി ജോതിർഗമയ എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പ്രഖ്യാപിച്ചിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായിരുന്ന സമയത്ത് ക്ലാസുകൾ ഓൺലൈനിലേക്ക് മാറിയിരുന്ന സാഹചര്യത്തിൽ മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് പഠനം മുടങ്ങാതിരിക്കാൻ സൗജന്യമായി 2000 ടാബ്ലറ്റ് വിതരണം ചെയ്യുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. |
| (ബി) | കോവിഡ് ലോക്ഡൗൺ കാലയളവിൽ, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയാണോ പ്രസ്തുത പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | കോവിഡ് ലോക്ഡൗൺ കാലയളവിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് വേണ്ടിയായിരുന്നു പദ്ധതി ആരംഭിച്ചത്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ ഉന്നമനത്തിനായുള്ള തീരോന്നതി പദ്ധതിക്കായി അനുവദിക്കപ്പെട്ടിരുന്ന തുകയിൽനിന്നും ചെലവാക്കുവാൻ കഴിയാതിരുന്ന തുകയ്ക്ക് ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്യുന്നതിനായാണോ ജ്യോതിർഗമയ പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | അല്ല. 2021 ലെ 'അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും' എന്ന പദ്ധതിയിലെ വിദ്യാഭ്യാസ പദ്ധതിയായ 'വിദ്യാതീരം' പദ്ധതിയിൽ ഉൾപ്പെടുത്തിയായിരുന്നു 'ജ്യോതിർഗമയ' പദ്ധതി ആരംഭിച്ചിരുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന ലാപ്ടോപ്പുകൾ ലഭിക്കുന്നതിനായി മത്സ്യത്തൊഴിലാളി വിഭാഗക്കാരായ എത്ര വിദ്യാർഥികളാണ് ഇതിനോടകം അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | കോവിഡ് സാഹചര്യം മാറുകയും ക്ലാസുകൾ പഴയരീതിയിൽ ഓഫ്ലൈൻ ആയി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ അപേക്ഷ ക്ഷണിക്കുകയോ വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കുകയോ ചെയ്തിരുന്നില്ല. |
| (ഇ) | ധനകാര്യ വകുപ്പിന്റെയും പ്ലാനിംഗ് ബോർഡിന്റെയും അനുമതികൾ ലഭിക്കാത്തതുമൂലം പദ്ധതി തുടരാനാകാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | ഇല്ല. ധനകാര്യ വകുപ്പിന്റെയും പ്ലാനിംഗ് ബോർഡിന്റെയും അനുമതി യഥാസമയം ലഭ്യമായിട്ടുണ്ട്. |
| (എഫ്) | നിലവിലെ സാഹചര്യത്തിൽ പദ്ധതി തുടരുന്നതിന് | (എഫ്) | ലോക്ഡൗൺ കാലയളവിൽ ഓൺലൈൻ |

| | | | |
|---|---|---|---|
| | തീരുമാനമെടുത്താൽപോലും, പുതിയ ടെൻഡർ വിളിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി ലാപ്ടോപ്പുകൾ വിതരണം ചെയ്യുമ്പോഴേക്കും അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികളിൽ പലരും സ്കൂൾ പഠനം പൂർത്തിയാക്കിക്കഴിയുന്ന സ്ഥിതി ഉണ്ടാകും എന്ന് സർക്കാർ കരുതുന്നുണ്ടോ; | | ക്ലാസുകളിൽ പങ്കെടുക്കുന്നതിന് വേണ്ടിയായിരുന്നു പദ്ധതി ആരംഭിച്ചത് . നിലവിൽ കോവിഡ് സാഹചര്യം മാറുകയും ക്ലാസുകൾ പഴയരീതിയിൽ ഓഫ്‌ലൈൻ ആയി പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ അപേക്ഷ ക്ഷണിക്കുകയോ വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കുകയോ ചെയ്തിരുന്നില്ല. |
| (ജി) | എങ്കിൽ പിന്നാക്കാവസ്ഥയിലുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അടിയന്തരമായി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ജി) | ഏതെങ്കിലും സാഹചര്യത്തിൽ കോവിഡ് വ്യാപനം രൂക്ഷമാകുകയും ക്ലാസുകൾ ഓൺലൈൻ ആയി മാറുകയും ചെയ്താൽ ടാബ്‌ലറ്റ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ